# പരിശുദ്ധ വലിയ നോമ്പ്

# ധ്യാനചിന്ത ശകലങ്ങൾ

## 40 ദിവസങ്ങൾ

ബിജോയ് ശാമുവേൽ അബുദാബി

## 1st Day - Monday

ഈ വലിയനോമ്പിലെ അനുഭവത്തിലേക്ക് ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച സകലരെയും സ്വാഗതം ചെയ്യുന്നു. ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി ഒഴിഞ്ഞുപോകുന്നില്ലായെന്ന ദൈവചനത്തിൽ, നാം ഓരോരുത്തരും നോമ്പ് അനുഷ്ഠിച്ച്, ജാതികളെ ഇല്ലാതാക്കിയാൽ മാത്രമേ കർത്താവിന്റെ രണ്ടാമത്തെ വരവ് വേഗത്തിലാക്കുവാൻ കഴിയൂ. കാനാവിലെ കല്യാണത്തിന് ഉപയോഗമില്ലാതെ ഇരുന്ന കൽപാത്രങ്ങളാണ് കർത്താവിന്റെ പ്രഥമ അത്ഭുതത്തിന് പ്രയോജനപ്പെട്ടത്. മണ്ണായ നാമും ദൈവത്തിന്റെ പദ്ധതികൾക്കായി ഉപകരണമായി പ്രവർത്തിക്കാൻ ഇടയാകണം. മുടിയനായ പുത്രനെ കാത്തിരുന്ന പിതാവിനെപ്പോലെ, പാപികളായ നമ്മെ ഓരോരുത്തരെയും കർത്താവേ ക്ഷമയോടെ കാത്തിരിക്കുന്നു. ആഹാരക്രമീകരണം മാത്രം നോമ്പിന്റെ ലക്ഷണമായി കാണാതെ, നമ്മുടെ ജീവിതശൈലി ആത്മീയചൈതന്യം തുളുമ്പുന്ന, നന്മകൾ നിറഞ്ഞതാകുവാൻ എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 2nd Day – Tuesday

കാനാവിലെ കല്യാണത്തിൽ ഉണ്ടായ വീഞ്ഞിന്റെ കുറവ്, ക്രിസ്തീയജീവിതത്തിൽ നമുക്ക് ഓരോരുത്തർക്കും അനുഭവപ്പെടാം. കഷ്ടതകളും സങ്കടങ്ങളും പ്രയാസങ്ങളും ദുരിതങ്ങളും ക്രിസ്തീയജീവിതത്തിന്റെ ലക്ഷണങ്ങളാണ്. അതിനെയെല്ലാം സത്യവചനത്തിന്റെ അടിസ്ഥാനത്തിൽ പരാജയപ്പെടുത്തി, സകലത്തിനും ദൈവത്തോട് നന്ദിയും സ്തുതിയും സ്തോത്രവും അർപ്പിക്കുമ്പോളാണ് നാം ഓരോരുത്തർ ദൈവത്തിന്റെ യഥാർത്ഥ മക്കളായി തീരുന്നത്. മനുഷ്യരുടെ ശ്രമങ്ങൾ എല്ലാം പരാജയപ്പെടുമ്പോൾ ദൈവം തക്കസമയത്ത് പ്രവർത്തിച്ച് കാര്യങ്ങൾ ശുഭമാക്കി തരുന്നു. യാമപ്രാർത്ഥനകൾ, നോമ്പുകൾ, നമസ്ക്കാരങ്ങൾ, ആരാധനകൾ എന്നിവയെല്ലാം കൂനുള്ള സ്ത്രീ പതിനെട്ട് വർഷങ്ങളായി പൂർത്തീകരിച്ചതുപോലെ, പാപികളായ നാമും ചെയ്യേണ്ടത് ആവശ്യമാണ്. തക്കസമയത്ത് ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും അനുഭവിക്കുന്നതിനും ആ തിരുകരത്തിൽ അമർന്നിരിക്കുവാൻ നമ്മുടെ ആത്മശരീരദേഹികളെ ശുദ്ധീകരിക്കുവാൻ ഈ നോമ്പുകാലജീവിതം പ്രയോജനപ്പെടട്ടെയെന്നു ആശംസിക്കുന്നു. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 3rd Day – Wedesday

കാനാവിലെ കല്യാണത്തിൽ യേശുവിനെയും യേശുവിന്റെ അമ്മയെയും ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു. നമ്മുടെ ജീവിതത്തിലും ഇവരുടെ സാന്നിദ്ധ്യം ഉണ്ടെന്നു എപ്പോഴും പരിശോധിക്കണം. ജീവിതപാതയിൽ നിത്യവും അദൃശ്യമായ പല അനുഗ്രഹങ്ങളും നന്മകളും നാം അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നു. എന്നാൽ അതിന് ഒന്നിനും നന്ദി പറയാതെ വീണ്ടും എന്തു ലഭിക്കുമെന്ന് അന്വേഷിച്ച് ജീവിതത്തെ ഹോമിക്കുകയാണ്. കാഴ്ച മങ്ങുമ്പോൾ മാത്രമാണ് കണ്ണുകളുടെ വില നാം തിരിച്ചറിയുന്നത്. ഇതേപോലെ നമ്മുടെ ജീവിതത്തിലെ അദൃശ്യമായ വഴികാട്ടികളാണ് പരിശുദ്ധന്മാരും ശുദ്ധിമതികളും അവരുടെ മദ്ധ്യസ്ഥതയും. പാപികളായ നമുക്ക് വേണ്ടി ദൈവത്തോട് അപേക്ഷിക്കുകയും കരുണ യാചിക്കുകയും ചെയ്യുന്നു. ഇവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ച് യേശുവിന്റെ മണവാട്ടി സഭയിൽ ചേർന്നു വളർന്നിടുവാൻ സകലത്തെയും ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ച് ദൈവാനുഗ്രഹത്തിനായി കാത്തിരിക്കാം. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 4th Day – Thursday

കാനാവിലെ കല്യാണത്തിൽ വീഞ്ഞ് തികയാതെ വരികയാൽ, യേശുവിന്റെ ആദ്യ അത്ഭുതത്താൽ ആ കുറവ് നികത്തി. സർവ്വത്തെയും സൃഷ്ടിച്ചവനും സകലത്തിന്റെയും അധിപതിയായ ദൈവം തമ്പുരാൻ, മനുഷ്യരെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചപ്പോൾ ബലഹീനതകളും കുററങ്ങളും കുറവുകളും ചേർത്താണ് ഭൂമിലേക്ക് അയച്ചത്. ആ കുററങ്ങളും കുറവുകളും ബലഹീനതകളും അപാകതയും പൂർണ്ണമായി ഇല്ലാതാക്കി അനുഗ്രഹിക്കുവാൻ നമ്മെ തന്നെ ദൈവസന്നിധിയിൽ പരിപൂർണ്ണമായി സമർപ്പിക്കണം. നമ്മുടെ കുററങ്ങൾക്കും കുറവുകൾക്കും പരിഹാരം യേശുവിന്റെ കൈയിൽ ഉണ്ട്. നമ്മുടെ ആവശ്യങ്ങളെ സകലവും അറിയുന്ന ദൈവത്തോട് പ്രാർത്ഥനയിൽ അറിയിക്കുക മാത്രമാണ് ചെയ്യേണ്ടത്. നമ്മുടെ കുററങ്ങൾക്കും കുറവുകൾക്കും ദൈവത്തോട് നന്ദി പറയണം. തക്കസമയത്ത് അനുഗ്രഹങ്ങൾ ചൊരിഞ്ഞ്, നന്മകളാൽ നമ്മെ സ്വർഗ്ഗീയാനുഭവത്തിന് യോഗ്യരാക്കും. പ്രാർത്ഥനയോട് കാത്തിരിക്കുക. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 5th Day – Friday

കാനാവിലെ കല്യാണത്തിൽ വീഞ്ഞാണ് തികയാതെ വന്നതെങ്കിലും ഇവിടെ വെള്ളമാണ് പ്രധാന വിഷയം. കിണററിൽ കിടന്ന വെള്ളം ശുശ്രൂഷക്കാർ കോരി കൽപാത്രങ്ങളിൽ നിറയ്ക്കുന്നു. ആ ഭവനത്തിൽ ഏററവും അടിത്തട്ടിൽ കിടക്കുന്ന ആ വെള്ളം വീഞ്ഞായി മാറിയപ്പോൾ, ദൈവം പ്രവർത്തിക്കുന്ന രീതി, അനുഗ്രഹിക്കുന്ന വിധം നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നു. വെള്ളത്തിന്റെ മീതേ ദൈവത്തിന്റെ ആത്മാവ് പരിവർത്തിച്ചുകൊണ്ടിരുന്നു. കാനാവിലെ കല്യാണത്തിൽ വെള്ളത്തെ വീഞ്ഞാക്കി, പെസഹാ പെരുന്നാളിൽ വീഞ്ഞിനെ രക്തമാക്കി മാററി മനുഷ്യജാതിയെ രക്ഷയുടെ പാതയിലേക്ക് നയിക്കപ്പെട്ടു. ആ രക്തത്താൽ നമ്മെ പാപത്തിൽ നിന്നും ശാപത്തിൽ നിന്നും രക്ഷിച്ച് സ്വർഗ്ഗീയാനുഭവത്തിൽ എത്തിച്ചു. സകലരെയും സകലത്തെയും ശ്രേഷ്ഠമായി കരുതി ദൈവനാമമഹത്വത്തിനായി നമ്മുടെ ശിഷ്ടജീവിതം ദൈവസന്നിധിയിൽ സമർപ്പിച്ച്, ശുദ്ധീകരണത്തിനും ശക്തീകരണത്തിനും അനുഗ്രഹങ്ങൾ നേടി കാത്തിരിക്കാം, കർത്താവിന്റെ രണ്ടാം വരവുവരെ... എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 6th Day – Saturday

കാനാവിലെ കല്യാണത്തിൽ യേശുവിന്റെ മഹത്വം വെളിപ്പെടുത്തിയ ആദ്യ അത്ഭുതത്താൽ ശിഷ്യന്മാർ വിശ്വസിച്ചു. അത്ഭുതത്തിനുശേഷം യേശുവും അമ്മയും ശിഷ്യന്മാരും അരും തന്നെ അവിടെ നിൽക്കുന്നില്ല. മറിച്ച്, കല്യാണവിരുന്നിൽ നല്ലൊരു ആശംസപ്രസംഗങ്ങൾ ഒരുക്കി യേശുവിനെയും അമ്മയെയും ഒന്ന് പ്രശംസിക്കാമായിരുന്നു. ഭാവിയിൽ നടക്കുന്ന സകല കല്യാണത്തിനും അവരെ ക്ഷണിക്കുകയും കുറവുകൾ പരിഹരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ യേശുവിന്റെ വരവിന്റെ ഉദ്ദേശ്യം നടക്കുമേ? ഇതേപോലെ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതികൾ മറന്ന്, ലൗകീകമായ പ്രശംസകൾക്കും ആദരവുകൾക്കും അടിമപ്പെട്ടാൽ ആത്മീയമായി വളരുവാനോ കർത്താവിന്റെ വരവ് വേഗത്തിലാക്കുവാനോ കഴിയുകയില്ല. ഈ ലോകത്തിലെ നമ്മുടെ ജീവിതം കൊണ്ട് ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്തു ജന്മസാഫല്യം അണയുവാൻ നമുക്ക് ഓരോരുത്തർക്കും ശ്രമിക്കാം. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 7th Day – Sunday

കാനാവിൽ യേശുവിന്റെ അമ്മ ശുശ്രൂഷക്കാരോട് യേശു അവരോട് എന്തെങ്കിലും കൽപ്പിച്ചാൽ അത് ചെയ്യണം എന്നു പറയുന്നതിൽ നിന്ന് മറിയാമിന്റെ വിശ്വാസ ഉറപ്പ് പ്രകടമാക്കുന്നു. സമയം ആയിട്ടില്ലായെങ്കിലും യേശു തക്കസമയത്ത് പ്രവർത്തിച്ച് ദൈവനാമം മഹത്വപ്പെടുത്തുന്നു. കാനാവിൽ യേശു പറയുന്നത് കല്പനയാണെന്നു അമ്മയ്ക്കു അറിയാമായിരുന്നു. നമ്മുടെ ജീവിതത്തിൽ നാം ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അത്ഭുതങ്ങൾ നടക്കില്ല. നാം ചെയ്യേണ്ടതായ കാര്യങ്ങൾ ചെയ്യതിനുശേഷം ദൈവം പ്രവൃത്തിക്കുമ്പോൾ അത് ആർക്കും (സാത്താൻ) അവകാശം പറയുവാൻ സാധിക്കാത്ത അനുഗ്രഹമായി മാറുന്നു. ജീവിതത്തിൽ പ്രയാസ സമയത്ത് ദൈവത്തിന്റെ കരങ്ങൾ പ്രവർത്തിക്കുവാൻ നാം സദാസമയം ശ്രദ്ധിക്കേണം. പരിശുദ്ധാത്മാവ് നിറഞ്ഞ് ഉപദേശിക്കുന്ന കാര്യങ്ങൾ അതീവ ശ്രദ്ധയോടെ അനുസരിച്ച്, നന്മകൾ ചെയ്തു ജീവിതത്തെ ദൈവത്തിന്റെ സന്നിധിയിൽ പരിപൂർണ്ണമായി സമർപ്പിക്കുവാൻ എല്ലാവർക്കും കഴിയട്ടെയെന്നു ആശംസിക്കുന്നു. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 8th Day – Monday

കുഷ്ഠരോഗി യേശുവിന്റെ അടുത്ത് വന്നിട്ട് മുട്ടുകുത്തി യേശുവിനോട് പറയുന്നത്, 'യേശുവിന് മനസ്സുണ്ടെങ്കിൽ ശുദ്ധമാക്കുവാൻ കഴിയുമെന്നാണ്'. മനസ്സുണ്ടാകണം ശുദ്ധമാകുവാൻ, ശുദ്ധമായാൽ മനസ്സിലുണ്ടാകും. ഓരോ ആത്മുതത്തിന്റെയും സൗഖ്യത്തിന്റെയും അടിസ്ഥാനം കർത്താവിന്റെ മനസ്സാണ്. അതിന് ശുദ്ധീകരണം അവശ്യമെന്ന് കുഷ്ഠരോഗി തിരിച്ചറിഞ്ഞു, നമ്മളോ? സൃഷ്ടികളായ നമ്മുടെ ഓരോരുത്തരുടെയും മനസ്സുകൾ സൃഷ്ടാവിന്റെ മനസ്സുമായി ഒന്നായി ചേരുമ്പോൾ ഉണ്ടാകുന്ന ആത്മീയപകർച്ചയിലാണ് ഇവിടെ കുഷ്ഠരോഗിക്ക് സൗഖ്യം ലഭിക്കുന്നത്. യേശുവിനെക്കുറിച്ചുള്ള കുഷ്ഠരോഗിയുടെ അഗാധമായ അറിവ് അഭിനന്ദനിയമാണ്. മുട്ടകുത്തി അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞതിൽ എത്ര വലിയ പാപിയാണെങ്കിലും കർത്താവ് അവനെ ചേർത്തുകൊള്ളുന്നു. ഈ നോമ്പുകാലത്ത്, നമ്മുടെ ശാപപാപങ്ങളെ ഒന്നു വിചിന്തനം ചെയ്തു, കർത്താവിന്റെ മുമ്പിൽ മുട്ടുകുത്തി, അടിയങ്ങളോട് മനസ്സ് തോന്നണമേയെന്ന് അപേക്ഷിക്കാം. കർത്താവിന്റെ മനസ്സു തുറന്ന് നമുക്ക് ആത്മീയസൗഖ്യം നൽകി ശുദ്ധീകരണം പ്രാപിക്കുവാൻ എല്ലാവർക്കും കഴിയട്ടെയെന്നു ആശംസിക്കുന്നു. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 9th Day – Tuesday

യേശുവിന്റെ മനസ്സ് അലിഞ്ഞ് കുഷ്ഠരോഗിയെ തൊട്ടിട്ട് കർത്താവിന് മനസ്സ് ഉണ്ട്, ശുദ്ധമാകുക എന്നു പറഞ്ഞു. അവന് കുഷ്ഠം മാറി ശുദ്ധി വന്നു. ആധുനികലോകത്ത് എല്ലാവർക്കും കുഷ്ഠം മാറണം, രോഗം മാറണം. 'ശുദ്ധി'യെപ്പറ്റി ഒന്നും അറിയണമെന്നില്ല. അത് മനുഷ്യന്റെ ഏത് ഭാഗത്തിന് വരുന്ന ശുദ്ധിയാണെന്നും അറിയില്ല. ശരീരത്തിന്റെ ശുദ്ധീകരണത്തെപ്പറ്റി അല്ല ഇവിടെ പ്രതിപാദിക്കുന്നത്. ദേഹം, ദേഹി, ആത്മാവ് എന്നിവ ചേർന്നതാണ് മനുഷ്യൻ. പാപമോചനം ലഭിക്കുമ്പോൾ ദേഹി ശുദ്ധീകരിച്ച്, ദേഹത്തിന് സൗഖ്യം ലഭിക്കുന്നു. ശുദ്ധീകരണവും അതുവഴി രോഗസൗഖ്യവും ലഭിക്കണമെങ്കിൽ കർത്താവിന്റെ മുമ്പിൽ മുട്ടുകുത്തി അപേക്ഷിക്കണം. കർത്താവിന്റെ ഇഷ്ടം നമ്മുടെ ഓരോരുത്തരുടെയും ശുദ്ധീകരണം ആണ്. അശുദ്ധികൾ വരുന്ന വഴികൾ കണ്ടുപിടിച്ച് അതിനെ വിലക്കി, ശാസിച്ച്, ശുദ്ധീകരണത്തിനായി ദൈവത്തിൽ കൂടുതൽ ആശ്രയിച്ചു ജീവിക്കുവാൻ നാം ഓരോരുത്തർ ശ്രമിക്കണം. യാമപ്രാർത്ഥനകൾ യഥാസമയം പൂർത്തികരിക്കുവാൻ നാം പരമാവധി ശ്രമിക്കണം. അല്ലെങ്കിൽ അവസരങ്ങൾ കാത്തിരിക്കുന്ന ദുഷ്ടശക്തി ബലപ്പെട്ട് നമ്മെ കീഴ്പ്പെടുത്താം. വളരെ ശ്രദ്ധയോടെ ദൈവവചനത്തിൽ മാത്രം ആശ്രയിച്ച് മുന്നോട്ടു നീങ്ങാം. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 10th Day – Wednesday

കുഷ്ഠരോഗി കർത്താവിനെ കാണുമ്പോൾ, അവന്റെ സമീപനം കർത്താവിന്റെ മനസ്സ് അലിയിക്കുന്നു. കുഷ്ഠരോഗിയുടെ യഥാർത്ഥ വിചാരപ്രകടനത്തിൽ സൃഷ്ടാവിന്റെ മനസ്സ് പാപിയുടെ അനുതാപകണ്ണുനീരിൽ അലിയുന്നു. സൗഖ്യത്തെപ്പററി ചോദിക്കാതെ, മനസ്സിനെയും ശുദ്ധീകരണത്തെയും കുറിച്ച് മാത്രം അന്വേഷിക്കുന്ന പാപിയായ കുഷ്ഠരോഗിയെ തൊട്ട് ശുദ്ധമാക്കി, സൗഖ്യമാക്കുന്നു. അനുഗ്രഹങ്ങൾ കൃത്യസമയത്ത് കുഷ്ഠരോഗി ചോദിക്കുന്നു. ആവശ്യങ്ങൾ ക്രമത്തിൽ ചോദിക്കുവാൻ വിശ്വാസികൾ പഠിക്കേണം. ഇവിടെ ആദ്യം മനസ്സ്, സ്പർശനം പിന്നെ ശുദ്ധി, അവസാനമാണ് സൗഖ്യം ലഭിക്കുന്നത്. നമ്മുടെ ആവശ്യങ്ങൾ സമർപ്പിക്കുന്നതിന് മുമ്പ് കർത്താവേ ഞങ്ങളുടെ ആഗ്രഹത്തിൽ മനസ്സുണ്ടോ, ഇഷ്ടമാണോ എന്ന് ചോദിച്ചറിയുക. അതിന് ഞങ്ങളുടെ പാപങ്ങൾ / ശാപങ്ങൾ തടസ്സമാണോ എന്ന് ചിന്തിക്കുക. കർത്താവിന്റെ മനസ്സ് ഉള്ളതാണെങ്കിൽ നമ്മുടെ പാപങ്ങളെ മോചിച്ച്, ശാപത്തിൽ നിന്ന് വിടുവിച്ച് ശുദ്ധീകരണം പ്രാപിച്ച് ആവശ്യങ്ങളെ അനുഗ്രഹങ്ങളായി തരുന്ന കർത്താവിന്റെ സ്വന്തം ജനമായി നമുക്ക് ജീവിക്കാം. എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 11th Day – Thursday

കുഷ്ഠരോഗിയുടെ വിശ്വാസത്തിന്റെ ഫലം അവൻ ശുദ്ധിയുള്ളവനായി, സൗഖ്യം പ്രാപിച്ചു. കർത്താവിൽ വിശ്വസിക്കുന്ന ഏവനും കർത്താവിന്റെ നാമം മൂലം പാപമോചനം ലഭിക്കുമെന്ന് അ:പ്രവർത്തികളിൽ വചനം ഘോഷിക്കുന്നു. വിശ്വാസത്തിന്റെ ഉയർച്ചയും താഴ്ചയും നമ്മുടെ അനുഗ്രഹത്തിൽ പ്രതിഫലിക്കുന്നു. വിശ്വാസവീരന്മാരായ പിതാക്കന്മാരാൽ അനുഗ്രഹിക്കപ്പെട്ട സഭയുടെ മക്കളായ നാം, നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം എത്രമാത്രം ഉറപ്പുള്ളതാണെന്ന് പരിശോധിച്ച്, ജീവിതപാതയിലെ സകല തടസ്സങ്ങളെയും കർത്താവിന്റെ പദ്ധതിയിലൂടെ, കഷ്ടതയിലൂടെ കടന്നപോകണം. വിശ്വാസം വർദ്ധിപ്പിക്കാനായി, ദൈവവചനത്തെ ധ്യാനിച്ച്, സകലതും നന്മയ്ക്കായി ചെയ്യുന്ന സർവ്വശക്തനായ ദൈവം തമ്പുരാന്റെ തിരുസന്നിധിയിൽ മൗനമായിരുന്ന് ആത്മാവിൽ ശക്തരാകാം. ഏദനിൽ വിശ്വാസം നഷ്ടപ്പെട്ടപ്പോൾ അനുസരണക്കേടും അതുവഴി പാപത്തിലേക്കും വീണ ആദ്യമാതാപിതാക്കളെ നാം വിസ്മരിക്കരുത്. വിശ്വാസം വർദ്ധിപ്പിച്ച്, ശുദ്ധിയുള്ളവരായി നന്മകൾ ചെയ്യുവാൻ എല്ലാവരെയും ദൈവം തമ്പുരാൻ സഹായിക്കട്ടെ.

## 12th Day – Friday

ആരോടും ഒന്നും പറയരുത് എന്ന് കുഷ്ഠരോഗിയോട് യേശു അമർച്ചയായി ശാസിച്ചിട്ടും അവൻ കഴിയുന്ന വിധം പ്രചരിപ്പിച്ചു. നമ്മുടെ ജീവിതത്തിലെ ചില അനുഗ്രഹങ്ങൾ, ആത്മീയവും ഭൗതീകവും ദൈവത്തിന്റെ നിർദ്ദേശപ്രകാരം കൂടാതെ വെളിപ്പെടുത്തുവാനോ സാക്ഷ്യം പറയുവാനോ ഇടവരരുത്. അങ്ങനെ ചെയ്താൽ അത് നന്മയ്ക്കു പകരം തിന്മയും ശാപവും ആയി ഭവിക്കാം. നോമ്പുകാലങ്ങളിൽ പ്രാർത്ഥനയിൽ നാം എപ്പോഴും ശ്രദ്ധാലുക്കളായിരിക്കണം. കാരണം സാത്താനും അവന്റെ സൈന്യവും ഏത് സമയത്തും നമ്മെ പരീക്ഷിച്ച് അവന്റെ വലയത്തിൽ അകപ്പെടുത്താം. ആയതിനാൽ നമ്മുടെ യാചനകൾ, അപേക്ഷകൾ എല്ലാം സമർപ്പിക്കുന്നതിന് മുമ്പ്, അശുദ്ധികളെല്ലാം കഴുകി ശുദ്ധീകരണവും ശക്തീകരണവും പ്രാപിക്കണം. ദുഷ്ടശക്തികൾക്ക് യാതൊരു വിധത്തിലും അവകാശം പറയുവാൻ ഇടയാകാതെ, വിശ്വാസത്തിൽ അടിയുറച്ച്, നിത്യജീവനുവേണ്ടി ദേഹം, ദേഹി, ആത്മാവ് എന്നിവയെ പരിപൂർണ്ണമായി സമർപ്പിച്ച് സമാധാനം കണ്ടെത്തുവാൻ എല്ലാവരെയും ദൈവം തമ്പുരാൻ സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 13th Day – Saturay

കുഷ്ഠരോഗിയുടെ പൂർണ്ണമായശുദ്ധീകരണത്തിനു വേണ്ടി പുരോഹിതനെ കാണിച്ചുകൊടുക്കാനും സാക്ഷ്യത്തിനായി അർപ്പിക്കുകയെന്നും യേശു പറയുന്നു. ദാനധർമ്മങ്ങൾ / നേർച്ചകൾ ശുദ്ധീകരണത്തിന് ഉതകുമെന്ന് ഇവിടെ സൂചിപ്പിക്കുന്നത്. യെരീഹോവിലെ ചുങ്കകാരനും ധനവാനുമായ സക്കായി ശുദ്ധീകരണം പ്രാപിച്ചത്, തന്റെ വസ്തു വകയിൽ നിന്നും പകുതി ദരിദ്രർക്ക് കൊടുത്തും, ചതിവായി വാങ്ങിയതിന് നാലുമടങ്ങും കൊടുത്താണ്. വിശ്വാസികൾ ദാനധർമ്മങ്ങൾ ചെയ്യുമ്പോൾ അശുദ്ധിയും ശാപവും ഒരു പരിധിവരെ മാററപ്പെടുകയും ശുദ്ധീകരണം പ്രാപിക്കുകയും ചെയ്യുന്നു. നമുക്ക് ഉള്ള ധനമോ വസ്തുവോ ആഹാരമോ എന്തായാലും ദാനം ചെയ്യാം. എന്നാൽ നമ്മെ തന്നെ ദൈവത്തിന് സമർപ്പിക്കുമ്പോൾ, കർത്താവ് അത് കാഴ്ചയായി കണക്കിടുകയും നമ്മെ തന്നെ ശുദ്ധീകരിച്ച്, തടസ്സങ്ങളെയും മററ് എല്ലാ മുടക്കികളെയും ദുഷ്ടശക്തികളെയും ദൂരികരിച്ച്, അനുഗ്രഹങ്ങൾ ചൊരിഞ്ഞ്, നമ്മെ മണവാട്ടി സഭയിലെ അംഗങ്ങളായി മാററുവാൻ ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 14th Day – Sunday

പക്ഷവാതക്കാരൻ, തന്റെ കൂട്ടുകാരുടെ ആഴത്തിലുള്ള വിശ്വാസത്തിന്റെയും സാഹോദര്യം നിറഞ്ഞ സമീപനത്തിന്റെയും അനന്തരഫലം പാപമോചനവും സൗഖ്യവും ലഭിക്കുന്നു. നാം മററുള്ളവർക്കുവേണ്ടി വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതും വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതും വിഫലമാകുന്നില്ലായെന്നു ഉറപ്പിക്കാം. വൈദ്യനും ഔഷധത്തിനും കഴിയാത്തത്, കർത്താവിന്റെ വാക്കിനും വചനത്തിനും കഴിയുമെന്ന് ഉറച്ചുവിശ്വസിക്കുന്ന ആ കൂട്ടുകാർ തമ്മിൽ തമ്മിൽ എത്രയധികം കരുതിയിരുന്നു. വീടിന്റെ മേൽതട്ട് മാററി, ലക്ഷ്യം മാർഗ്ഗത്തെ സാധുകരിക്കുമ്പോൾ, പക്ഷവാതക്കാരനെ യേശുവിന്റെ മുമ്പിൽ വയ്ക്കുമ്പോൾ, അവന് ലഭിച്ച പാപമോചനവും സൗഖ്യവും, അവൻ തന്നെ കട്ടിൽ എടുത്തു കൊണ്ടുപോകുമ്പോൾ, ആ കൂട്ടുകാർക്ക് ലഭിക്കുന്ന ആത്മീയസന്തോഷം, സമാധാനം നാം എപ്പോഴെങ്കിലും അനുഭവിച്ചിട്ടുണ്ടോ?. വിശ്വാസം വർദ്ധിപ്പിക്കാനായി, നിത്യപ്രവൃത്തികളെ കർത്താവിൽ സമർപ്പിച്ച് ധ്യാനത്തോടെ കാത്തിരിക്കാം. ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 15th Day – Monday

പക്ഷവാതക്കാരനെ എടുത്തുകൊണ്ടു വന്നവരുടെ വിശ്വാസവും സമീപനവും കണ്ടിട്ടാണ് യേശു അവന്റെ പാപങ്ങൾ മോചിച്ച്, കിടക്ക എടുത്തു നടക്കുവാൻ വിധം സൗഖ്യം കൊടുത്തത്. എല്ലാവരെയും നാം ശ്രേഷ്ഠന്മാരായി കാണുവാനും അവരെ അംഗീകരിക്കുവാനും നമുക്ക് കഴിയണം. വ്യക്തികളുടെ വിശ്വാസ കുറവിൽ, പരിഹാരമായി വിശ്വാസത്തെ ഉറപ്പിക്കുന്നതിന് നമ്മുടെ കൂട്ടായ്മകൾക്കും യാമപ്രാർത്ഥനകൾക്കും ആരാധനകൾക്കും സാധ്യമാണ്. വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉള്ളതിനാൽ, കഷ്ടങ്ങളിലും പ്രശംസിക്കുവാൻ നമുക്ക് കഴിയണം. കർത്താവിന്റെ തിരുരക്തത്താൽ നീതികരിക്കപ്പെട്ടതിനുശേഷം നാം ദൈവത്താൽ എത്ര അധികമായ കോപത്തിൽ നിന്നും രക്ഷിക്കപ്പെട്ട് വിശ്വാസത്തിൽ ജീവിക്കുന്നു. ക്രിസ്തീയജീവിതത്തിലെ കഷ്ടപ്പാടുകൾ നമ്മുടെ ഓരോരുത്തരുടെയും അവകാശമാണ്, അംഗീകാരമാണ്, പദവിയാണ്. അനുഗ്രഹങ്ങൾ നമ്മെ തേടിവരുന്ന അവസ്ഥയിൽ ആയിതീരുവാൻ സകലവും കർത്താവിൽ സമർപ്പിക്കാം. വിശ്വാസമക്കളായി നമുക്ക് ജീവിക്കുവാൻ പരിശുദ്ധാത്മാവിൽ നിറവിൽ വസിക്കാം. ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 16th Day – Tuesday

എല്ലാവരും വിസ്മയം പൂണ്ടു ദൈവത്തെ മഹത്വപ്പെടുത്തി ഭയം നിറഞ്ഞവരാക്കിയ അത്ഭുതമാണ് പക്ഷവാതക്കാരന്റെ പാപമോചനവും രോഗസൗഖ്യവും. നാം മററുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നത് ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമായ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്നു. പക്ഷവാതക്കാരനെ യേശുവിന്റെ അടുക്കൽ എത്തിക്കുവാൻ അവർക്ക് പലതരത്തിലുള്ള തടസ്സങ്ങൾ ഉണ്ടായി, എങ്കിലും അതിനെയെല്ലാം അതിജീവിച്ച് അവന് പാപമോചനവും രോഗസൗഖ്യവും ആരോഗ്യവും നേടികൊടുക്കുന്നു. അവനെ കട്ടിലിൽ കിടത്തി കൊണ്ടുവരിക, വാതിലിൽ കൂടി അകത്ത് കടക്കുവാൻ കഴിയാത്ത വിധം ജനസമൂഹം, കട്ടിലിൽ കിടത്തി വീടിന്റെ മേൽക്കൂരയിൽ എത്തിക്കുക, കട്ടിലിൽ കിടത്തി വീടിന്റെ മുകൾവശത്തു കൂടി ഇറക്കി യേശുവിന്റെ അടുത്ത് എത്തിക്കുന്നതുവരെ അവർക്ക് ഉണ്ടായ അനുഭവങ്ങൾ, രോഗിയുടെ പാപമോചനത്തിനും രോഗസൗഖ്യത്തിനും ശുദ്ധീകരണത്തിനും സഹായിച്ചു. കഷ്ടതകളും പ്രയാസങ്ങളും സന്തോഷത്തോടെ സ്വീകരിച്ച് കർത്താവിന്റെ മണവാട്ടിയായി, രണ്ടാം വരവിൽ തേജസ്ക്കരിക്കപ്പെടേണ്ടതിനായി സത്യവചനത്തെ ധ്യാനിച്ച് ബുദ്ധിയുള്ള കന്യകമാരെപ്പോലെ കാത്തിരിക്കാം. ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 17th Day – Wednesday

കർത്താവിന്റെ അടുക്കൽ വന്ന് ശുദ്ധീപ്രാപിക്കാനും അനുഗ്രഹങ്ങൾ നേടുവാനും ശ്രമിക്കുമ്പോൾ, പല തരത്തിലുള്ള ബന്ധനങ്ങൾ കൊണ്ടും തടസ്സങ്ങൾ കൊണ്ടും മുടക്കുവാൻ ശ്രമിക്കുന്ന ദുഷ്ടശക്തിയെ തിരിച്ചറിയാൻ നമുക്ക് പരിശുദ്ധാത്മാവിന്റെ നിറവ് ആവശ്യമാണ്. പാപി പാപത്തിൽ നിന്ന് മഹാപാപത്തിലേക്കും ശാപത്തിൽ നിന്ന് മഹാശാപത്തിലേക്കും പായുന്നത് സാത്താനും കൂട്ടർക്കും ആനന്ദം ഉളവാക്കുമ്പോൾ, ആരോടും പരാതി പറയാതെ, മൗനമായി മാറിയിരുന്ന്, ദൈവത്തിന്റെ ഇഷ്ടത്തിനായി മാത്രം യാചിക്കുന്ന മണവാളനാണ് നമ്മുടെ കർത്താവ്. മഹാപാപി, പാപം വിട്ട്, ശാപം നീക്കി, മാനസാന്തരത്തിന്റെ പടികൾ ചവിട്ടുമ്പോൾ സന്തോഷിക്കുന്ന മാലാഖമാരുടെ സ്തുതികളിൽ വസിക്കുന്നവനാണ് നമ്മുടെ മണവാളൻ. മണവാട്ടി സഭയുടെ ആത്മീയസൗന്ദര്യം വർദ്ധിപ്പിക്കാൻ, യേശു മണവാളൻ, നമുക്കു വേണ്ടി കഷ്ടതകൾ അനുഭവിച്ച് ക്രൂശിന്മേൽ മരിച്ചു, ഉയിർത്തെഴുന്നേററ് പിതാവിന്റെ വലതുഭാഗത്തിരുന്ന് നമുക്ക് വേണ്ടി യാചന നടത്തുന്നു. ആ മണവാളന്റെ അടുത്തേക്ക് സുന്ദരിയായ മണവാട്ടിയായി നമുക്ക് ഓരോരുത്തർക്കും കടന്നുചെല്ലാം. ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 18th Day – Thursday

പക്ഷവാതക്കാരനോ എടുത്തുകൊണ്ടുവന്നവരോ യേശുവിനോട് ഒന്നും ആവശ്യപ്പെടുകയോ ചോദിക്കുകയോ ചെയ്യുന്നില്ല. ആ സമയത്ത് ലഭിക്കേണ്ടതായ അനുഗ്രഹങ്ങൾ കിട്ടേണ്ടതിന് കൃത്യസമയത്ത് കർത്താവിന്റെ മുമ്പിൽ എത്തിച്ചേരുക മാത്രമാണ് ചെയ്തത്. ഇതേപോലെ, നമ്മുടെ ജീവിതത്തിലും അനുഗ്രഹങ്ങൾ ലഭിക്കുന്നതിന്, പാപങ്ങൾ മോചിക്കുന്നതിന്, ശാപത്തിന്റെ കെട്ടുകൾ അഴിയേണ്ടതിന്, കൃത്യസമയത്ത് കർത്താവിന്റെ സന്നിധിയിൽ നാം ആയിരിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ഇന്ന് നമ്മുടെ യാചനകളും പ്രാർത്ഥനകളും മററും ലൗകീകമായ നേട്ടങ്ങൾക്കായി മാറിയിരിക്കുന്നു. യാക്കോബ് ശ്ലീഹാ പറയുന്നത്, നമ്മൾ യാചിക്കുന്നു എങ്കിലും നമ്മുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിനു വല്ലാതെ യാചിക്കുകകൊണ്ട് ഒന്നും ലഭിക്കുന്നില്ല എന്നാണ്. ആയതിനാൽ, കർത്താവിനെ നേടിയെടുക്കുക; നമ്മെ തന്നെ ദൈവത്തിന് സമർപ്പിക്കുക. പാപമോചനവും കടങ്ങൾക്ക് പരിഹാരവും ലഭിക്കേണം. ദൈവത്തോട് കൂടുതൽ അടുക്കാം, അവൻ നമ്മുടെ അടുത്തേക്ക് വരും. നമ്മുടെ കൈകളെ വെടിപ്പാക്കാം, ഹൃദയങ്ങളെ ശുദ്ധീകരിക്കാം. നന്മകൾ നിറഞ്ഞ ജീവിതത്തിന്റെ ദിനങ്ങൾക്കായി നമുക്ക് പ്രാർത്ഥനയോടെ കാത്തിരിക്കാം. ദൈവം തമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 19th Day – Friday

ഉല്പത്തിയിൽ പറയുന്ന, അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നുന്ന നാളിൽ മരിക്കുമെന്ന കല്പനപ്രകാരം ആദ്യമാതാപിതാക്കൾ മരിച്ചോ? എന്താണ് മരിച്ചത്? അതിനെ വീണ്ടെടുത്തത് എങ്ങനെ? പാപം മൂലം പക്ഷവാതക്കാരന്റെ ജീവൻ നഷ്ടപ്പെട്ട ഭാഗം എങ്ങനെ വീണ്ടെടുത്തു? നാം പാപത്തിന്റെ തീരത്തുകൂടി പോകുമ്പോൾ, നഷ്ടപ്പെടുന്ന ജീവനെ എങ്ങനെ നേടിയെടുക്കാം. നമ്മുടെ ജീവന് അവകാശമുള്ളത് അത് സൃഷ്ടിച്ചവനാണ്, തന്നവനാണ്, ജീവന്റെ ഉറവിടമായ കർത്താവിൽ അത് തിരികെ എത്തണം. പാപം ചെയ്യുമ്പോൾ ജീവൻ പാതാളത്തിൽ ആകുന്നു, സാത്താന്റെ അധികാരത്തിൽ. അങ്ങനെ പാതാളത്തിൽ അകപ്പെട്ട ജീവനെ / പ്രാണനെ രക്ഷിക്കാനാണ് യേശു പാതാളത്തിൽ സുവിശേഷം അറിയിച്ചത്. നാം പാപം ചെയ്യുമ്പോൾ ആത്മീയമായി മാററം നമ്മളിൽ ഉണ്ടാകുന്നത്, ലൗകീകമായി തിരിച്ചറിയാൻ സമയം എടുക്കും. പാപം ചെയ്തപ്പോൾ നഷ്ടപ്പെട്ട ജീവനെ വീണ്ടെടുക്കാനാണ് കർത്താവ് ഭൂമിയിലേക്കു വന്നതും തന്റെ തിരുശരീരരക്തങ്ങൾ നമ്മുടെ പാപങ്ങളുടെ മോചനത്തിനും കടങ്ങളുടെ പരിഹാരത്തിനും വേണ്ടി തന്നതും. നിത്യവും പരിശോധിച്ച് ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയിൽ നിന്ന് ഓടി, കർത്താവിന്റെ സന്നിധിയിൽ അഭയം പ്രാപിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 20th Day – Saturday

പക്ഷവാതക്കാരന്റെ സൗഖ്യത്തിലൂടെ വെളിപ്പെടുന്ന ഒരു നന്മയാണ് ആ കൂട്ടുകാരുടെ നല്ല മനസ്സും അവർ സന്തോഷത്തോടെ സഹിച്ച കഷ്ടതകളും. നമ്മുടെ ആത്മീയവശത്ത് പക്ഷവാതം ഉണ്ടെങ്കിൽ, അതിന്റെ സൗഖ്യത്തിനായി നാം കഷ്ടതകൾ അനുഭവിക്കേണം. കൂടാതെ, മററ് സൃഷ്ടികളുടെ സൗഖ്യത്തിനായി കഷ്ടതകൾ സഹിച്ച്, നാം ദൈവത്തിന്റെ മക്കളാണെന്ന് തെളിയിക്കേണം. നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കേണം. കൂടാതെ കഷ്ടങ്ങളിലും പ്രശംസിക്കേണം, കഷ്ടത സഹിഷ്ണതയും സഹിഷ്ണത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു. ക്രിസ്തീയജീവിതത്തിന്റെ സൗരഭ്യം അനുഭവിക്കണമെങ്കിൽ, ദൈവത്തിന്റെ പദ്ധതിയിൽ, നാം ഓരോരുത്തർ ചെയ്തു തീർക്കേണ്ടതായ വേലകൾ പൂർത്തീകരിക്കണം. പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി കർത്താവ് മരിച്ച്, നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചു. എന്നാൽ നമ്മുടെ സ്നേഹം എങ്ങനെയാണ് പ്രകടിപ്പിക്കുന്നത്. കർത്താവിന്റെ രണ്ടാമത്തെ വരവിനായി നാം ഓരോരുത്തരും പരിശുദ്ധാത്മാവിൽ നിറഞ്ഞ് പ്രവർത്തിച്ച്, ഉണർന്നിരുന്ന് കർത്താവിനെ സ്വീകരിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 21st Day – Sunday

കനാന്യസ്ത്രീയുടെ ശാപം നീക്കുവാൻ സമയം ആയിട്ടില്ലായെങ്കിലും അവളുടെ 'കർത്താവേ! ദാവിദുപുത്രാ കരുണ തോന്നേണമെ' എന്ന പ്രാർത്ഥനയും ശിഷ്യന്മാരുടെ അപേക്ഷയും യേശുവിന് ഒന്നു നിൽക്കുവാൻ തോന്നിയെങ്കിലും മക്കളുടെ അപ്പം നായ്ക്കുട്ടികൾക്ക് കൊടുക്കുന്നത് നന്നല്ലായെന്നു പറഞ്ഞ് തിരിഞ്ഞു നടക്കുവാൻ തുടങ്ങി. എന്നാൽ മേശയിൽ നിന്ന് വീഴുന്ന നുറുക്കുകൾ മതിയെന്ന് സ്ത്രീ പറയുമ്പോൾ, അവളുടെ വിശ്വാസം വലിയത് എന്ന് പറഞ്ഞ് അവളുടെ മകൾക്ക് സൗഖ്യം കൊടുക്കുന്നു. നമ്മുടെ ജീവിതത്തിലെ ശാപങ്ങൾ നമ്മുടെ സൗഖ്യത്തിന് തടസ്സമാണ്. അത് തിരിറിഞ്ഞ് ദൈവത്തിന്റെ സന്നിധിയിൽ സ്വയം സമർപ്പിച്ച് കരുണ തോന്നേണമെയെന്ന് അപേക്ഷിക്കണം. കൂടാതെ, നമ്മുടെ ഇപ്പോഴത്തെ ജീവിതത്തിലെ പ്രവൃത്തികൾ / ചിന്തകൾ ശാപത്തിനോ ദോഷത്തിനോ ഇടയാകുന്നുണ്ടോയെന്ന് പരിശോധിക്കണം. വിശ്വാസം വർദ്ധിപ്പിക്കാനായി വചനത്തെ ധ്യാനിച്ച്, കർത്താവിനെ രുചിച്ചറിയുവാൻ നമുക്ക് ശ്രമിക്കാം.

## 22nd Day – Monday

കനാന്യസ്ത്രീ ശപിക്കപ്പെട്ടവളാണെങ്കിലും യേശുവിനെപ്പററി നല്ലതുപോലെ അറിഞ്ഞിരിക്കുന്നു. ആത്മീയഅറിവിനെ ആരാധനയാക്കി മാററാൻ കഴിയണം. ശാപത്തെ നീക്കുവാനും പാപത്തെ മോചിക്കുവാനും സകലവും കഴിയുന്നവനാണ് യേശു എന്ന് ഉറച്ചു വിശ്വസിക്കുന്ന അവളുടെ സമീപനത്തെ മാനിച്ചാണ് യേശു അവളുടെ മകൾക്ക് സൗഖ്യവും ശാപമോക്ഷവും കൊടുത്തത്. മുടിയനായ പുത്രൻ തിരികെ വന്ന് അപ്പന്റെ വേലക്കാരിൽ ഒരാളെപ്പോലെ കരുതണമെന്ന് അപേക്ഷിക്കുന്നു. ഇവിടെയും മേശപ്പുറത്തു നിന്നു വീഴുന്ന അപ്പത്തിന്റെ നുറുക്കുകൾ കൊണ്ട് സംതൃപ്തി അണയുവാൻ അവൾ ആഗ്രഹിക്കുന്നു. വിശ്വാസത്തിന്റെ വലിപ്പത്തിലല്ല, മറിച്ച് ഉറപ്പിലാണ് കാര്യം. കടുകുമണിയുടെ അത്രയും വലിപ്പം ആയാലും കാഠിന്യത്തിലാണ് വിശ്വാസത്തിന്റെ വ്യപ്തി കാണുന്നത്. ആവശ്യകത യാചനയുടെയും അപേക്ഷയുടെയും രൂപത്തിൽ സ്തോത്രത്തോടെ അർപ്പിക്കുകയും നന്ദി പറയുകയും ചെയ്യണം. കർത്താവിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹം എത്ര ചെറുത് ആയാലും ലഭിക്കുന്ന പ്രമോദം വളരെ വലുതാണ്. വിശ്വാസം നഷ്ടപ്പെടാതെ, സകലവും കർത്താവിന്റെ ഹിതത്തിനായി സമർപ്പിച്ച്, ദൈവനാമമഹത്വത്തിനായി ഇടയാകണം.

## 23rd Day – Tuesday

പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകുമെന്ന ദൈവത്തിന്റെ അരുളപ്പാട്, കർത്താവിന്റെ വരവിങ്കൽ സംഭവിക്കുന്നു. തന്റെ പാപങ്ങളും ശാപങ്ങളും ഏററു പറഞ്ഞ്, കുററങ്ങളും കുറവുകളും കണ്ടെത്തി പരിഹാരം വരുത്തി, താഴ്മയോടെ കരുണതോന്നണമെയെന്ന് നിരന്തരമായി അപേക്ഷിക്കുന്ന സൃഷ്ടികൾക്ക് സൃഷ്ടാവ് നൽകുന്ന അനുഗ്രഹത്തിന്റെ മഴ അനുഭവിക്കവാൻ, കനാന്യസ്ത്രീയെപ്പോലെ നാം അറിഞ്ഞിരിക്കേണ്ടതായ രണ്ട് കാര്യങ്ങളാണ്; കർത്താവിനെയും പദ്ധതിയെയും പററി നല്ല അറിവും നാം ഓരോരുത്തരും ആരാണ് എന്നും തിരിച്ചറിയുക. എന്നിട്ട് അത് പൂർത്തീകരിക്കാൻ ദൈവത്തോട് ചേർന്ന് പ്രവർത്തിച്ച് ദൈവനാമം മഹത്വപ്പെടുത്തുവാൻ കഴിയണം. ജനക്കൂട്ടത്തിൽ ഉറക്കെ നിലവിളിക്കുന്ന കനാന്യസ്ത്രീയുടെ മനസ്സിൽ, യേശുവും തന്റെ മകളും മാത്രമായിരുന്നു. നമ്മുടെ ആരാധനയിങ്കൽ, അശ്രദ്ധരാകാതെ എപ്പോഴും കർത്താവിന്റെ സന്നിധിയിൽ, സകലവും സമർപ്പിച്ച്, കർത്താവും അർഹതപ്പെട്ട ലക്ഷ്യവും മാത്രം ആയിരിക്കണം. നമ്മുടെ മനസ്സ് നിറയെ, ഹൃദയത്തിൽ ദൈവവചനം നിറച്ച്, ധ്യാനത്തിങ്കൽ ദൈവത്തെ സ്തുതിച്ചു ആരാധിക്കാം.

## 24th Day – Wednesday

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. വിശ്വസിക്കുന്ന വ്യക്തികൾ ഇവിടെ ആരായാലും നിത്യജീവനുവേണ്ടി വിശ്വസിച്ച് ഏററുപറയുന്നവർക്ക് ജീവന്റെ നാഥൻ, സൗജന്യമായി ജീവൻ നൽകുവാൻ തക്കവണ്ണം ഈ ലോകത്തെ സ്നേഹിച്ചത്. ഈ അനുഭവമാണ് കനാന്യസ്ത്രീയ്ക്കു അനുഗ്രഹത്തിന്റെ രൂപത്തിൽ ലഭിച്ചത്. കരുണതോന്നേണമെയെന്ന് അവൾ പ്രാർത്ഥിക്കുമ്പോൾ, കരുണ ലഭിക്കുന്നത് കർത്താവിൽ നിന്നാണെന്നും അവനിൽ വിശ്വസിച്ചാൽ കനാന്യസ്ത്രീയും മകളും രക്ഷിക്കപ്പെടുമെന്നും തങ്ങളുടെ പൂർവ്വീകശാപമായ, കനാന്യശാപത്തിൽ നിന്ന് മോക്ഷം ലഭിക്കുമെന്നും അവൾക്ക് അറിയാം. സത്യആരാധനകൾ അർപ്പിക്കുന്ന നമ്മുടെ വിശ്വാസത്തിന്റെ മൂല്യം എന്താണ്? ഉറച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ക്രിസ്തീയജീവിതത്തിൽ നന്മകൾ ചെയ്തു, സകല കഷ്ടതകളും പ്രയാസങ്ങളും സഹിക്കുവാനും അങ്ങനെ കർത്താവിന്റെ മണവാട്ടി സഭയുടെ സൗന്ദര്യം വർദ്ധിപ്പിക്കാനും കഴിയുക. സന്തോഷത്തോടെ ദൈവനാമമഹത്വത്തിനായി നമ്മുടെ സകല ബോധവിചാരഹൃദയങ്ങളെയും സമർപ്പിച്ച് വിശ്വാസത്തിന്റെ മൂല്യം വർദ്ധിപ്പിക്കാം. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 25th Day – Thursday

കനാന്യസ്ത്രീയെപ്പോലെ കർത്താവിനെ ആത്മാർത്ഥമായി അറിയുന്നതിനും ആ അറിവിനെ ആരാധനയാക്കി മാററുന്നതിനും നമുക്ക് കഴിയണം. രക്ഷകനായ യേശു ഈ ലോകത്തിൽ വന്നത് നമ്മെ രക്ഷിക്കാനാണ്. നാം ഓരോരുത്തർ ഈ ലോകത്തിൽ പാപത്തിലും ശാപത്തിലും അകപ്പെട്ടു സാത്തന്റെ അദൃശ്യമായ ബന്ധനത്തിലാണ്. അതിൽ നിന്ന് രക്ഷപ്പെടുവാൻ കർത്താവ് നമുക്കുവേണ്ടി വഴി ഒരുക്കിയിരിക്കുന്നു. പ്രാർത്ഥനകൾ അശ്രദ്ധയായി ചൊല്ലിതീർക്കുന്നതാണ് നമ്മുടെ ആരാധനകളും നമസ്ക്കാരങ്ങളും. നമ്മുടെ സകലവിചാരങ്ങളും ഹൃദയങ്ങളും ബോധങ്ങളും പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രന്റെ ഉള്ളിൽ ആയിരിക്കണം. അല്ലാത്ത നിമിഷങ്ങൾക്കായി സാത്താനും കൂട്ടരും വലവിരിച്ച് കാത്തിരിക്കുന്നു. എപ്പോഴും ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുകയും കർത്താവേ ഞങ്ങളോട് കരുണ തോന്നേണമെയെന്നും നിരന്തരമായി അപേക്ഷിക്കണം. കനാന്യസ്ത്രീയെപ്പോലെ ആത്മീയമായി തയ്യാറായി ദൈവത്തോട് അപേക്ഷിച്ചാൽ, ശാപത്തിന്റെ കെട്ടുകൾ അഴിഞ്ഞ് അനുഗ്രഹത്തിന്റെ പേമാരി നമ്മളിൽ വർഷിക്കും. കഴിഞ്ഞ തലമുറകളിലെ ശാപവും ദോഷവും അകററി ഭാവി തലമുറകളെ നന്മകളാൽ നിറയ്ക്കുവാൻ നമുക്ക് കഴിയണം.

## 26th Day – Friday

രക്ഷകൻ ലോകത്തിൽ വന്ന് പാപികളെയും ശപിക്കപ്പെട്ടവരെയും രക്ഷിച്ച് സ്വർഗ്ഗീയാനുഭവത്തിൽ എത്തിക്കുവാൻ കുരിശിന്റെ വഴിയിൽ സഞ്ചരിക്കുമ്പോൾ, വിശ്വാസത്തിന്റെ മൂല്യം വർദ്ധിപ്പിച്ച് രോഗികൾക്ക് സൗഖ്യവും ഭൂതബാധിതർക്കു വിടുതലും നൽകുമ്പോൾ തന്നെ അവരുടെ പാപങ്ങളും ശാപങ്ങളും പോക്കി ശുദ്ധീകരിക്കുന്നു. അദൃശ്യമായ രണ്ട് ആത്മീയകാര്യങ്ങളിൽ നാം വളരെയധികം ശ്രദ്ധിക്കേണം; പാപമോചനവും ശുദ്ധീകരണവും. യാമപ്രാർത്ഥനകൾ, ആരാധനകൾ, നോമ്പുകൾ, ദാനധർമ്മങ്ങൾ എന്നിവയിലൂടെ ആന്തരികവും ബാഹ്യവുമായ അശുദ്ധികൾ കഴുകകളയുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണം. ദൈവത്തെ സ്തുതിക്കുവാനും ആരാധിക്കുവാനും നാം ഒരിക്കലും മടി കാണിക്കരുതേ. കർത്താവിന്റെ നല്ല സാക്ഷികൾ ആകുവാൻ നാം നിരന്തരം ശ്രമിക്കേണം. സകലവും സൃഷ്ടിച്ചവനായ ദൈവത്തെ സകലത്തിനും മുമ്പേ സ്തുതിച്ചു ആരാധിക്കേണം. സ്തുതികളിലും സ്തോത്രങ്ങളിലും വാഴുന്ന ദൈവത്തെ ആരാധിക്കുവാൻ നാം ശുദ്ധിയുള്ളവരും യോഗ്യതയുള്ളവരും ആയിരിക്കണം. കനാന്യസ്ത്രീ കർത്താവിൽ വിശ്വസിക്കുന്നതിലും അത് ഏററുപറയുന്നതിലും ഒരു മടിയും കാണിച്ചില്ല. നമ്മുടെ ആരാധനകൾ കൃത്യതയോടെ തക്കസമയത്ത് സമർപ്പിക്കുവാൻ സാധിക്കേണം. അതാണ് ദൈവത്തിന് പ്രസാദകരമായ കാര്യം. അങ്ങനെ ദൈവത്തെ പ്രസാദിപ്പിച്ച് കൃപമേൽ കൃപ ലഭിക്കുവാൻ,

## 27th Day – Saturday

മുട്ടുവിൻ തുറക്കപ്പെടും; To know the strength of her faith; കനാന്യസ്ത്രീ അപേക്ഷിച്ചത് ലഭിക്കുന്നതുവരെ യേശുവിനെ പിൻതുടർന്നു, യാചിച്ചുകൊണ്ടിരുന്നു. നമ്മുടെ അർഹമായ ആവശ്യങ്ങൾ, പാപമോചനം, ശാപമോക്ഷം, രക്ഷ എന്നിവ ലഭിക്കുന്നതിന് നാം നിരന്തരമായി യാചിക്കേണം. തുടർച്ചയായ പ്രാർത്ഥനയാൽ – മുട്ടിയാൽ – കർത്താവ് വാതിൽ തുറന്ന് പാപത്തിൽ നിന്നും ശാപത്തിൽ നിന്നും വിടുതൽ നൽകി അനുഗ്രഹിക്കും. കനാന്യസ്ത്രീ യേശുവിനെ അന്വേഷിച്ചു, യാചിച്ചു, മുട്ടികൊണ്ടിരുന്നു. അവൾക്ക് മോക്ഷം ലഭിച്ചു. യേശുവിനെ കണ്ടെത്തി അനുഗ്രഹങ്ങൾ നമുക്ക് ലഭിച്ചോ? നമ്മുടെ യാചനകൾ ഈ വിധമാകുന്നതിന് നാം ശ്രമിക്കേണം. ഇന്നത്തെ നമ്മുടെ ആരാധനയിൽ അച്ചടിച്ച പ്രാർത്ഥനകൾ ചൊല്ലിതീർക്കുക മാത്രമാണ്. യേശുവിനെ അന്വേഷിക്കുവാനോ അറിയുവാനോ സമയമില്ല. പ്രാർത്ഥനയിൽ മുട്ടി വിളിക്കുന്നില്ല; വാതിൽ തുറക്കുന്നുമില്ല. അച്ചടിച്ച അക്ഷരങ്ങൾ വേഗതയിൽ ചൊല്ലിതീർത്താൽ, അനുഗ്രഹങ്ങൾ അവിടെ തന്നെ കെട്ടികിടക്കും. ആയതിനാൽ കർത്താവിനെ അന്വേഷിച്ച്, കണ്ടെത്തി യാചിക്കാം. സ്വർഗ്ഗത്തിന്റെ വാതിൽ തുറന്ന്, ശാപങ്ങൾ നീക്കി, പാപം മോചിച്ച് സകലതും നന്മയ്ക്കായി നൽകുന്നവനായ സന്നിധിയിൽ നമസ്ക്കരിക്കാം.

## 28th Day – Sunday

കനാന്യസ്ത്രീയുടെ മാതൃകപരമായ സമീപനം നമ്മുടെ ജീവിതത്തിലും പ്രകാശം പരത്തണം. ആരോടാണ് സംസാരിക്കുന്നത്, യാചിക്കുന്നത്, പ്രാർത്ഥിക്കുന്നത് എന്ന ഉത്തമബോധ്യം അവൾക്ക് ഉണ്ടായിരുന്നു. 'കർത്താവേ! ദാവിദുപുത്രാ..എന്ന സംബോധനയിൽ കർത്താവിനെ എത്രമാത്രം ആഴത്തിൽ അറിഞ്ഞിരിക്കുന്നു എന്നത് വ്യക്തമാണ്. കർത്താവിലുള്ള വിശ്വാസം – അത് കർത്താവ് പ്രത്യേകം പറയുന്നു, 'സ്ത്രീയെ നിന്റെ വിശ്വാസം വലിയത്..'. അവൾ അകലെ നിന്നുകൊണ്ട് താഴ്മയോടെ കരഞ്ഞപേക്ഷിക്കുന്നു. കൃപ ലഭിക്കേണ്ടവർ, യോഗ്യതയും അവസ്ഥകളും മനസ്സിലാക്കി എളിമയോടെ കർത്താവിനോട് സമീപിക്കണം. നമ്മുടെ നന്മകളും യോഗ്യതകളും പ്രാർത്ഥനയിൽ നിഴലിക്കാതെ കരുണയ്ക്കായി യാചിക്കേണം. നമ്മുടെ അപേക്ഷകളുടെ അടിസ്ഥാനം ഏകാഗ്രമനസ്സും നുറുങ്ങിയ ഹൃദയവും ആവശ്യമാണ്. മാതാപിതാക്കൾ മക്കൾക്കുവേണ്ടിയും അവരുടെ സുന്ദരമായ ഭാവിയ്ക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കേണം. തക്കസമയത്ത് ലഭിക്കേണ്ടതായ അനുഗ്രഹങ്ങൾ ചോദിച്ചുവാങ്ങി മക്കൾക്ക് നൽകുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കേണം. അതേപോലെ, മക്കൾ തങ്ങളുടെ മാതാപിതാക്കൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ഉത്തരവാദിത്യപ്പെട്ടവരാണ്.

## 29th Day – Monday

ദൈവാലയത്തിൽ പതിനെട്ടു വർഷമായി കൂനിയായിരുന്ന സ്ത്രീയ്ക്കു യേശു വിളിച്ചുവരുത്തി സൗഖ്യം കൊടുക്കുന്നു. ഈ കൂനി സ്ഥിരമായി ദൈവാലയത്തിൽ ദൈവത്തെ ആരാധിച്ചു വന്നിരുന്നു. അവളുടെ രോഗബന്ധനം അഴിഞ്ഞിരിക്കുന്നു എന്നാണ് യേശു സൗഖ്യം കൊടുക്കുമ്പോൾ പറഞ്ഞത്. സാത്താന്റെ ബന്ധനത്തിലാണ് കൂന് ഉണ്ടായത്. അതിൽ നിന്ന് മോചനം ലഭിക്കുവാൻ പതിനെട്ടു വർഷത്തെ ആരാധനകൾ വേണ്ടി വന്നു. ഇതേപോലെ, ചില ശാപങ്ങൾ / ബന്ധനങ്ങൾ അഴിക്കുന്നതിനും വിടുതൽ പ്രാപിക്കുന്നതിനും കാലാവധിയുണ്ട്. ഈ കാലയളവിയിൽ നാം നിരന്തരമായ പ്രാർത്ഥനയോടും ധ്യാനത്തോടും കൂടി ദൈവസന്നിധിയിൽ ആയിരിക്കണം. കൂനി പ്രയാസപ്പെട്ട് എല്ലാ ആരാധനയിലും കൃത്യമായി സംബന്ധിച്ചതിനാൽ, ഓരോ ആരാധനയിലും ഓരോ കെട്ടുകൾ അഴിഞ്ഞ്, അവസാനത്തെ കെട്ട് അഴിഞ്ഞത്, ഈ പതിനെട്ടാം വർഷത്തിൽ യേശു ദൈവാലത്തിൽ എത്തിയപ്പോഴാണ്. ആരാനകൾക്ക് മുടക്കം വരാതെ, ക്രമമായും ചിട്ടയായും സംബന്ധിച്ച്, ശാപബന്ധനങ്ങളിൽ നിന്ന് തക്കസമയത്ത് വിടുതൽ പ്രാപിച്ച്, ദൈവത്തെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 30th Day – Tuesday

അബ്രാഹാമിന്റെ മകളായ സ്ത്രീയ്ക്കു കൂനു വന്നത് രോഗാത്മാവ് ബാധിച്ചിട്ടാണ്. ചില രോഗങ്ങൾ / പ്രയാസങ്ങൾ / കഷ്ടതകൾ ജീവിതത്തിൽ കടന്നു വരുമ്പോൾ അതിന്റെ ലക്ഷ്യം ദൈവത്തിന്റെ സന്നിധിയിൽ നമ്മെതന്നെ വിശുദ്ധിയോടെ സമർപ്പിക്കാനാണ്. ദുഷ്ടതകൾ നിറഞ്ഞ ഈ ലോകത്തിൽ സകല സൗഭാഗ്യത്തോടെ ജീവിക്കുമ്പോൾ, ആത്മീയസൗരഭ്യം അനുഭവിക്കാൻ സാധിക്കണമെന്നില്ല. സാത്താന്റെ ബന്ധനത്തിൽ അടിമപ്പെട്ട് ലൗകീകസുഖങ്ങളിൽ ലയിച്ചാൽ, കഷ്ടതകളും പ്രയാസങ്ങളും അനുഭവിച്ച് ലഭിക്കുന്ന ആത്മീയസംതൃപ്തി നഷ്ടപ്പെടുന്നു. ഈ ദുഷ്ടലോകത്തിന്റെ രാജാവിനെ പ്രസാദിപ്പിക്കാതെ, നിത്യരാജ്യത്തിലെ മണവാളനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യാം. ശാരീരികമായ ഭംഗം ഒന്നും ഇല്ലെങ്കിലും ആത്മീയമായി, അകത്തെ മനുഷ്യന് പല കോട്ടങ്ങളും കാണും. അത് തിരിച്ചറിയാൻ ഉൾക്കണ്ണുകൾ ഉപയോഗിക്കണം. അതിന് പരിശുദ്ധാത്മാവിന്റെ നിറവും പ്രവർത്തനവും ആവശ്യമാണ്. ശാരീരികഭംഗം ഒരിക്കലും ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും മുടക്കം വരുത്താതെ, നിത്യരാജ്യത്തിലെ ജീവനുവേണ്ടി സകലതും ദൈവത്തിൽ സമർപ്പിച്ച് മൗനമായി ധ്യാനിക്കാം.

## 31st Day – Wednesday

യേശു കൂനിയെ തന്റെ അടുക്കൽ വിളിച്ചുവരുത്തി, അവളുടെമേൽ കൈവച്ചു സൗഖ്യം നൽകി. കൂനി അനേകം നാളുകളായി ദൈവാലയത്തിൽ ആരാധനയ്ക്കായി വരുന്നു. പതിനെട്ടു വർഷവും ആരാധനയിൽ സംബന്ധിച്ചപ്പോൾ അവൾക്ക് ലഭിച്ച ആത്മീയസംതൃപ്തിയുടെ പ്രോത്സാഹനമാണ് ഇന്ന് ദൈവാലയത്തിൽ അവൾ യേശുവിനെ കണ്ടത്. നാം എത്രനാളായി ആരാധനയിൽ പങ്കെടുക്കുന്നു, ആത്മീയസംതൃപ്തി ലഭിക്കുന്നുണ്ടോ? അതോ എല്ലാ ആരാധനയും ഒരേപോലെ അനുഭവപ്പെടുന്നവോ? ഓരോ വിശുദ്ധ കുർബ്ബാനയും പുത്തൻ കുർബ്ബാനയായിരിക്കണമെന്നാണ്, അതിനായി ഓരോ ദിവസങ്ങളിലും വായിക്കുന്നതിനും ധ്യാനിക്കുന്നതിനും വിശുദ്ധവേദവായന ഭാഗം ക്രമീകരിച്ചിരിക്കുന്നത്. അത് മനസ്സിലാക്കി ആരാധനയിൽ പങ്കെടുത്താൽ മാത്രമേ ആത്മീയ അനുഭവും പ്രമോദവും ലഭിക്കുകയുള്ളു. സത്യ ആരാധനയിൽ നമ്മെ ഓരോരുത്തരെ കർത്താവ് തന്റെ അരികിൽ വിളിച്ച്, കൈവച്ച് അനുഗ്രഹിക്കുവാൻ വിധം നാം ഓരോരുത്തർ മനം തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകണം. ആരാധനകൾക്ക് മുടക്കം വരാതെ, ശുദ്ധീകരണം പ്രാപിച്ച് തിരുസന്നിധിയിൽ ശക്തിപ്പെട്ട് സകലവും സമർപ്പിച്ച് പ്രാർത്ഥിക്കാം.

## 32nd Day – Thursday

ആത്മീയജീവിതത്തിൽ നമുക്കുണ്ടായ കൂനുകൾ കാരണം സ്വർഗ്ഗീയമായ അനുഭവത്തിൽ ജീവിക്കുവാൻ സാധിക്കാതെ വരുന്നു. ശുദ്ധജീവിതം നയിച്ച് മററുള്ളവർക്ക് നാം മാതൃകയായായിരിക്കണം. അല്ലെങ്കിൽ ലജ്ജിച്ച് കുനിയേണ്ടതായ അവസ്ഥയുണ്ടാകും. കഷ്ടതകളിലൂടെയും കുരിശിന്റെ വഴികളിലൂടെയും നമുക്ക് യേശുവിൽ എത്തിച്ചേരാം. അതുപോലെ, വിശുദ്ധ ജീവിതം നയിക്കുന്ന വ്യക്തികളോട് ചേർന്ന് നമുക്കും നന്മകൾ ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കാം. മാതാപിതാക്കൾ–മുതിർന്നവർ, കുഞ്ഞുങ്ങൾക്ക് ആത്മീയവും ഭൗതീകവുമായ നല്ല മാതൃകജീവിതം ഉള്ളവരായിരിക്കണം. കർത്താവിന്റെ ആരാധന സ്ഥലങ്ങളിൽ നിത്യവും ആരാധനയിൽ പങ്കെടുത്ത് ദൈവത്തെ പ്രസാദിപ്പിച്ചാൽ, അപേക്ഷിക്കാതെ–ചോദിക്കാതെ, നമ്മുടെ പ്രയാസങ്ങൾ / കഷ്ടതകൾ കർത്താവ് കണ്ട് വിളിച്ചു വരുത്തി അനുഗ്രഹിക്കും. ആവശ്യങ്ങളുടെയും അപേക്ഷകളുടെയും കൂനകൾ മാററി, സത്യദൈവത്തിന്റെ ആലയത്തിൽ ശുദ്ധിയായി എന്നും സ്വയം സമർപ്പിച്ച് ദൈവത്തെ ആരാധിക്കേണം. ചോദിക്കാതെ തരുന്നവനും ചോദിക്കുന്നതിൽപരമായി തരുന്നവനുമായ കർത്താവിന്റെ സന്നിധിയിൽ കൂനിയെപ്പോലെ നമുക്കും അനുഗ്രഹങ്ങൾ പ്രാപിക്കാം.

## 33rd Day – Friday

ആരാധനയിങ്കൽ ബന്ധനങ്ങൾ അഴിഞ്ഞിട്ട് ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ ലഭിക്കുന്നു. ചോദിക്കാതെ കാലത്തികവിൽ അനുഗ്രഹിക്കുന്ന കർത്താവിന്റെ സന്നിധിയിൽ വിട്ടുവീഴ്ചയില്ലാത്ത ആരാധനകൾ നാം സമർപ്പിച്ചാൽ നമ്മുടെ ബന്ധനങ്ങളെ അഴിച്ച്, ആത്മീയലോകത്തെ പ്രമോദം അനുഭവിക്കുവാൻ സാധിക്കുന്നു. ദൈവദർശനത്തിന്റെയും ഉൾക്കാഴ്ചയുടെയും ഈ വ്യക്തമായ ചിത്രം നമ്മുടെ ക്രിസ്തീയജീവിതത്തിന് ഒരു നല്ല മാതൃകയാണ്. കുടുംബത്തിലെ സ്ത്രീകൾ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും മുൻഗണന നൽകണമെന്നും അതുവഴി ആ കുടുംബവും രക്ഷയുടെ പാതയിലെത്തുന്ന കാര്യവും ഇവിടെ വ്യക്തമാകുന്നു. ആദിസൃഷ്ടിയിൽ ദൈവസാദൃശമായത് നഷ്ടപ്പെടുത്തി ഭൗമീകമായ വീക്ഷണത്തിൽ ആയിപ്പോയി. സ്വർഗ്ഗീയമായ ചിന്തകൾക്ക് വിമുഖത കൂനിന് കാരണമായി. മനുഷ്യസൃഷ്ടി നട്ടെല്ലു നിവർന്ന സ്ഥിതിയാണ്. പാദം മാത്രം ഭൂമിയിലും ബാക്കി എല്ലാം ആകാശത്തും – ഭൗമികനാണെങ്കിലും ആത്മീകനായി തീരുന്ന അവസ്ഥ. നമ്മുടെ ജീവിതത്തിൽ നാം ഭൗമീകനാണോ ആത്മീകനാണോ! നിർബന്ധമായി ആരാധനയിൽ പങ്കെടുത്ത്, കുടുംബത്തോടെ ദൈവത്തിന്റെ സന്നിധിയിൽ സ്തുതിയും സ്തോത്രവും അർപ്പിക്കാം.

## 34th Day – Saturday

Church is the holy place of blessings…നാം കൃത്യമായി യാമപ്രാർത്ഥനങ്ങളിലും ആരാധനകളിലും പങ്കെടുത്ത്, നമ്മുടെ പരിമിതികൾ കണക്കിടാതെ, പ്രയാസപ്പെട്ടാലും അത് പൂർത്തീകരിക്കുവാൻ ആഗ്രഹിക്കണം. ബന്ധനങ്ങൾ അഴിക്കപ്പെടുവാൻ, കർത്താവിന്റെ ശബ്ദം കേൾക്കുവാൻ, അനുഗ്രഹങ്ങൾ ലഭിച്ച് ദൈവനാമത്തെ മഹത്വപ്പെടുത്തുവാൻ, ആരാധനയിൽ സകലവും ത്യജിച്ച് പങ്കെടുക്കണം. ഭൗതീകമായ കാര്യങ്ങളാണ് നാം ശ്രദ്ധിക്കുന്നതെങ്കിൽ, അദൃശ്യമായ ആത്മീയകൂനുകൾ ഉണ്ടാകുന്നു. ഉയരത്തിലുള്ളത് ചിന്തിക്കുവാനും നേടിയെടുക്കുവും നമുക്ക് കഴിയാതെ വരുന്നു. മൃഗസ്വഭാവത്തിൽ നിന്നും മനുഷ്യസ്വഭാവത്തിലേക്ക് ഒരു ആത്മീയമാററമാണ് ഇവിടെ സംഭവിക്കുന്നത്. പാപികളായ നമുക്കുവേണ്ടി നമ്മുടെ രക്ഷകൻ ബലിപീഠത്തിന്മേൽ ബലി അർപ്പിക്കപ്പെടുമ്പോൾ, പ്രയോജനമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി നാം എന്തിനാണ് പുറത്തേക്ക് പോകുന്നത്! നാം അകത്തുവന്ന് കരുണയ്ക്കായി യാചിക്കേണം. അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും ശാപങ്ങൾ മാറുന്നതിനും ബന്ധനങ്ങൾ അഴിയുന്നതിന് കാലം നിശ്ചയിച്ചിട്ടുണ്ട്. ഇവിടെ കൂനിസ്ത്രീയ്ക്കു പതിനെട്ടു പ്രാർത്ഥനവർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു തന്റെ സൗഖ്യത്തിനായി!!നമ്മുടെ കൂനുകൾ മാറിയോ?

## 35th Day – Sunday

കൂനിയായ സ്ത്രീ എങ്ങനെ യേശുവിന്റെ അടുത്ത് എത്തി, തന്റെ ശാപങ്ങൾ പോക്കി അനുഗ്രഹങ്ങൾ ഏററുവാങ്ങി. കർത്താവിന്റെ നീക്കങ്ങളും വാക്കുകളും വളരെയധികം ആ സ്ത്രീ ശ്രദ്ധിച്ചിരുന്നു. ശരീരത്തിന് കൂനുകൾ ഇല്ലാത്ത നാം ആരാധനയിങ്കൽ എത്രമാത്രം ശ്രദ്ധയുള്ളവരാണ്. താമസിച്ചു എത്തുന്ന നാം ആരാധനസ്ഥലത്തു നിന്നും എത്രയും വേഗം ഭവനത്തിലെത്തുവാൻ ആഗ്രഹിക്കുന്ന നാം എത്രയധികം തിരക്കാണ് കാണിക്കുന്നത്. ആരാധനയിൽ ആദ്യഅവസാനം ശാന്തമായി, ഭക്തിപൂർവ്വം പങ്കെടുത്ത്, കർത്താവിൽ നിന്ന് അനുഗ്രഹങ്ങൾ വാങ്ങി, കർത്താവിന്റെ ശബ്ദം കേട്ട്, കർത്താവിന്റെ സ്പർശനം അനുഭവിച്ചറിഞ്ഞ് ആത്മീയസൗഖ്യം പ്രാപിച്ചു മാത്രമേ തിരികെ ഭവനത്തിൽ എത്തിച്ചേരാവൂ. കൂനിയ്ക്കു യാതൊരു തിരക്കുമില്ലായിരുന്നു. തിക്കും തിരക്കുമൊന്നുമില്ലാതെ ആരാധനയിൽ പങ്കെടുത്ത്, തന്റെ ശാപത്തിന്റെ കെട്ടുകൾ എല്ലാം അഴിച്ചു, അനുഗ്രഹങ്ങൾ ഏററുവാങ്ങുവാൻ കർത്താവിന്റെ മുമ്പിൽ അവളെ എത്തിച്ചത് ഉത്സാഹത്തോടുള്ള നിരന്തരമായ യാചനയും ആരാധനയുമാണ്. ഈ കൂനിയുടെ സൗഖ്യത്തിൽ അവൾക്ക് ലഭിച്ച ആത്മീയസന്തോഷം നമ്മുടെ അനുഭവം ആകുന്നതിനും ദൈവത്തെ നിത്യവും ആരാധിക്കുന്നതിനും പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തട്ടെ.

## 36th Day – Monday

കുരുടന്റെ ഈ അവസ്ഥയുടെ കാരണം നോക്കാതെ അവനെ രക്ഷയുടെ പാതയിലേക്കു കൊണ്ടുവരുന്നതിനാണ് കർത്താവ് പ്രാധാന്യം നൽകുന്നത്. ക്രിസ്തീയ ജീവിതം ഇങ്ങനെ ആകുവാൻ നാം ഓരോരുത്തർ ശ്രമിക്കേണ്ടതാണ്, പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ആദ്യം പ്രശ്നപരിഹാരവും പിന്നെ പ്രശ്നത്തിന്റെ ഉറവിടവും അന്വേഷിച്ച് മുൻകരുതൽ എടുക്കുന്നതാണ് അഭികാമ്യം. ഇത്തരം മനുഷ്യധർമ്മം മാത്രമേ ദൈവനാമമഹത്വത്തിനായി ഭവിക്കൂ. നമ്മുടെ ജീവിതത്തിലെ കഷ്ടതകൾ / പ്രയാസങ്ങൾ / ബുദ്ധിമുട്ടുകൾ എല്ലാം ദൈവനാമമഹത്വത്തിനായി ഭവിക്കണം. അങ്ങനെ നാം ശുദ്ധീകരണവും ശക്തീകരണവും പ്രാപിച്ച് ദൈവത്തിന്റെ മക്കളെന്നു തെളിയിക്കേണം. നമ്മുടെ ആത്മീയകാഴ്ച നഷ്ടമായോ? ദൈവത്തിന്റെ സൃഷ്ടികളോട് സ്നേഹത്തോട് സഹകരിക്കുന്നതിനോ സഹായിക്കുന്നതിനോ നമുക്ക് കഴിയുന്നുണ്ടോ? ഇന്ന് നമുക്ക് എത്ര നല്ല കാഴ്ച ഉണ്ടായാലും ചില സമയത്ത് കുരുടനെപ്പോലെ ആത്മീയജീവിതത്തിൽ അഭിനയിക്കേണ്ടി വരുന്നത് പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ഇല്ലാത്തതുകൊണ്ടാണ്. ആയതിനാൽ നമ്മുടെ നിത്യജീവിതത്തിലെ പ്രാർത്ഥനകളിലും ആരാധനകളിലും പരിശുദ്ധാത്മാവിന്റെ നിറവിനായും നടത്തിപ്പിനായും യാചിക്കേണം. മാനുഷിക ചിന്തയിൽ നമുക്ക് ഈ ലോകത്ത് ജീവിക്കുവാൻ കഴിയുമെങ്കിലും സ്വർഗ്ഗീയാനുഭവത്തിൽ വളരുവാൻ ദൈവത്തിന്റെ അളവില്ലാത്ത കൃപ ആവശ്യമാണ്.

## 37th Day – Tuesday

നാം അന്ധന്മാരാണോ? കാഴ്ചയ്ക്കു മങ്ങലുള്ളവരാണോ? ആത്മീയ കാഴ്ച കുറവിന് നാം വിശുദ്ധ കൂദാശകളാകുന്ന പരിശോധനകൾക്ക് വിധേയപ്പെടേണം. വിശുദ്ധ കുമ്പസാരവും വിശുദ്ധ കുർബ്ബാനയും നമ്മെ ദൈവത്തോടെ കൂടുതൽ അടുപ്പിക്കുന്ന ആത്മീയമൂലകങ്ങളാണ്. നാം കർത്താവിന്റെ ഉള്ളിലും കർത്താവ് നമ്മുടെ ഉള്ളിലും ആകുന്ന ആ വിശിഷ്ടമായ അവസ്ഥയിൽ മാത്രമാണ് സകലരെയും നമുക്ക് ശ്രേഷ്ഠരായി കാണുന്നതിനും കർത്താവിന്റെ കണ്ണിൽകൂടി സകലതും കാണുന്നതിനും നമുക്ക് സാധിക്കുന്നത്. സമസൃഷ്ടികളെ തിരിച്ചറിയുന്നതിനും അവരെ സഹായിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും നാം ഓരോരുത്തർ കടപ്പെട്ടിരിക്കുന്നു. ആത്മീയ ദീർഘവീക്ഷണത്തിന്റെ അഭാവം, ആത്മീയ ഒത്തുചേരലിൽ, അറിയാതെപോകുന്ന സമസൃഷ്ടികളുടെ നൊമ്പരങ്ങളും വേദനകളും, ഹൃദയത്തിന്റെ മാംസപാളികളെ കുത്തിമുറിവേൽപ്പിക്കുന്നു. ആയതിനാൽ ആത്മീയഅന്ധത മാററി, ദൈവത്തോട് കരുണയും കൃപയും യാചിച്ച്, സർവ്വസൃഷ്ടികളോടും സ്നേഹത്തോടും സൗമ്യതയോടും സമീപിച്ച് ദൈവരാജ്യത്തിന്റെ മഹത്വം നമ്മുടെ ജീവിതത്തിലൂടെ വെളിപ്പെടുത്താം.

## 38th Day – Wednesday

ദൈവാത്മാവു നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. അതിന് ആവശ്യമായത് ആത്മീയമായ ഉൾക്കാഴ്ചയും നടത്തിപ്പും ആണ്. കാണുന്ന പ്രത്യാശയോ അത് യഥാർത്ഥ പ്രത്യാശയല്ല. നാം കാണാത്തതിനായി പ്രത്യാശിക്കുന്നു. അതിന് ക്ഷമയോടെ കാത്തിരിക്കണം. കുരുടന് ഈ ലോകത്തിലെ സർവ്വവും കാണുന്നതിന് കർത്താവ് അന്ധത മാററി കൊടുത്തതുപോലെ, നമ്മുടെ ആത്മീയ അന്ധത മാററി തന്ന്, ആത്മീയലോകത്തെ ദർശിക്കുന്നതിന് വെളിച്ചത്തിൽ നടക്കണം. അതിന് ആത്മാവിൽ നിറഞ്ഞ്, ദൈവത്തിന്റെ കല്പനകൾ അനുസരിച്ച് നടന്ന് ദൈവത്തിന്റെ മക്കൾ എന്നറിയപ്പെടണം. അത് നമ്മുടെ ചിന്തകളിലും പ്രവൃത്തികളിലും സമീപനങ്ങളിലും പ്രകടിപ്പിക്കുവാൻ നമുക്ക് കഴിയണം. ആത്മീയ അന്ധത മനസ്സിലാക്കി, കർത്താവിന്റെ വചനങ്ങളെ ആഴത്തിൽ ധ്യാനിച്ച്, പരിശുദ്ധാത്മാവിൽ നിറഞ്ഞ്, കർത്താവിന്റെ സ്പർശനത്താൽ, കാഴ്ച ലഭിച്ച് സകലരെയും ദൈവത്തിന്റെ സൃഷ്ടികളായി കണ്ട് പരസ്പര സ്നേഹത്തിൽ ജീവിച്ച്, ദൈവത്തിന്റെ പദ്ധതികൾ പൂർത്തീകരിക്കുവാൻ, ആത്മാവിൽ രാവുംപകലും കർത്താവിന്റെ സന്നിധിയിൽ കാത്തിരിക്കാം.

## 39th Day – Thursday

വിശ്വാസികൾക്ക് പരിപൂർണ്ണ കാഴ്ച ലഭിക്കുന്നതിന് കർത്താവിന്റെ വചനവും സ്പർശനവും ഉപദേശവും ആവശ്യമാണ്. കൂടാതെ, ആ ഉപദേശം നാം അനുസരിച്ച് ദൈവത്തെ മഹത്വപ്പെടുത്തണം. ഇവിടെ ശിലോഹാം കുളത്തിൽ കഴുകി, കാഴ്ചയുമായി തിരികെ വന്നു. അതിന് മുമ്പ് അദൃശ്യമായ പല കാര്യങ്ങളും നടന്നു; അത് നാം വളരെയധികം ശ്രദ്ധിക്കേണം. കർത്താവിന്റെ വചനത്തെ കേൾക്കണം, അത് നമ്മുടെ ഹൃദയത്തിൽ ധ്യാനിച്ച്, ഇണ വചനവുമായി ബന്ധപ്പെടുത്തി, ധ്യാനിക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നത്. കർത്താവിന്റെ സ്പർശനം ലഭിക്കേണ്ടതും ആവശ്യമാണ്. ഇവിടെ കുരുടനെ യേശു തൊട്ടു, കണ്ണിൽ ചേറു തേക്കുന്നു. നമ്മുടെ ജീവിതത്തിൽ കർത്താവിന്റെ സ്പർശനം ലഭിച്ചിട്ടുണ്ടോ? വിശുദ്ധ കുർബ്ബാന അനുഭവത്തിലൂടെ അത് നമുക്ക് ലഭിക്കുന്ന സത്യം നാം തിരിച്ചറിയുന്നുണ്ടോ? കർത്താവിന്റെ ഉപദേശം കേട്ട് അനുസരിക്കുക എന്നതും വിശ്വാസത്തിന്റെയും അതിലുപരി സ്നേഹത്തിന്റെയും പ്രതീകമാണ്. കാഴ്ച കൊടുത്തവനെ കാണാതെ അവനിൽ വിശ്വസിക്കാമെന്നു, യേശുവിനോട് തന്നെ പറയുന്നു. കർത്താവിന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച് സകല അനുഗ്രഹങ്ങളും തന്ന് ദൈവത്തെ ആരാധിക്കുവാൻ ഏൽപ്പിച്ചിട്ട് നാം എന്താണ് സകലവും മറന്ന് ഈ ലോകത്തിന്റെ മോഹങ്ങളിൽ മുങ്ങിപ്പോകുന്നത്. ആത്മീയ അന്ധത കാരണം അദൃശ്യമായ ദൈവത്തെയും വചനത്തെയും അനുഗ്രഹങ്ങളെയും കാണുവാൻ സാധിക്കുകയില്ല. അന്ധത മാററി ആത്മീയ വെളിച്ചം പകരുവാൻ സർവ്വശക്തനായ ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

## 40th Day – Friday

ശരീരത്തിന്റെ വിളക്കു കണ്ണ് ആകുന്നു. കണ്ണു ചൊവ്വുള്ളതെങ്കിൽ നമ്മുടെ ശരീരം മുഴുവനും പ്രകാശിതമായിരിക്കുന്നതുപോലെ, ആത്മാവിൽ ആന്തരികദർശനം നന്മയുള്ളതാകണം, ആത്മീയജീവതവും നന്മകളാൽ ശോഭിക്കും. ദൈവത്തിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിനു ഞങ്ങളുടെ കണ്ണുകളെ തുറക്കണമെന്ന് സങ്കീർത്തനക്കാരനെപ്പോലെ നമുക്ക് യാചിക്കാം. ആരാധനയിലും ധ്യാനത്തിലും നാം ഉൾകണ്ണുകൾ കൊണ്ട് ശാന്തമായി ഹൃദയത്തിൽ ദൈവത്തോടെ സംസാരിക്കേണം. ആ സംവാദത്തിൽ ആത്മീയമായി ദൈവത്തോട് ചേർന്നു നിന്ന് ദൈവീകമായ നടത്തിപ്പുകൾക്ക് നമുക്ക് എങ്ങനെ പങ്കാളിയാകാമെന്നു അറിയണം. യേശുക്രിസ്തുവിന്റെ വരവിനുശേഷവും, മനുഷ്യസൃഷ്ടികളുടെ ആവശ്യങ്ങൾ ഭൗതീകമായി തന്നെ നിലനിൽക്കുന്നതെങ്കിൽ, ക്രിസ്തുവിന്റെ ആദ്യവരവിന്റെ ലക്ഷ്യം എവിടെ? രണ്ടാം വരവിൽ നമുക്ക് എന്താണ് പങ്ക്? ഇതെല്ലാം കാണാനും പ്രവൃത്തിക്കാനും നമ്മുടെ ആത്മീയ അന്ധത മാററണം. കർത്താവേ! ഞങ്ങളെ സ്പർശിച്ച്, ആത്മീയഅന്ധത മാററി ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ അടിയങ്ങളെ യോഗ്യരാക്കണമെ. ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.